**അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ**

**കേരള കാർഷിക സർവ്വകലാശാല**

**വെള്ളാനിക്കര, തൃശ്ശൂർ - 680 656**

സത്യമേവ जयते
Government of India

## കാർഷിക സംരംഭകത്വ വികസന ശില്പശാലയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരള കാർഷിക സർവ്വകലാശാലയിൽ പുതിയതായി ആരംഭിക്കുന്ന കാർഷിക സംരംഭകത്വ വികസന ശില്പശാലയിലേക്ക് കാർഷിക മേഖലയിൽ പുതിയ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന നൂതന ആശയങ്ങളുള്ള യുവാക്കളുടേയും വിദ്യാർത്ഥികളുടേയും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകരിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക് 2 മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന കാലയളവിൽ പ്രതിമാസം 10,000 രൂപ സഹായ ധനമായി നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്ന് തിരഞ്ഞെടുക്കുന്ന നവസംരംഭകർക്ക് അവരുടെ ആശയങ്ങളുടെ മാതൃകാ രൂപീകരണത്തിനായി 5 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കുന്നതാണ്.

നൂതന ആശയങ്ങളുടെ വാണിജ്യ വത്കരണത്തിനും മാതൃകാ വിപുലീകരണത്തിനുമായി നവസംരംഭകർക്ക് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേഷൻ സൗകര്യം ഉപയോഗപ്പെടുത്തുവാനായി സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പരിപാടിയിലേക്കും ഇതോടൊപ്പം അപേക്ഷ സമർപ്പിക്കാവുന്നതാണ്. 25 ലക്ഷം രുപ വരെ ധനസഹായവും വിദഗ്ദരുടെ നിർദ്ദേശങ്ങളും സാങ്കേതിക സഹായവും ഇൻക്യൂബേഷൻ സൗകര്യവും ഇതിലൂടെ ലഭ്യമാകുന്നതാണ്.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 15.06.2019. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

വിജ്ഞാന വ്യാപന വിഭാഗം മേധാവി